"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണം-പഞ്ചായത്ത് വകുപ്പ്-ജീവനക്കാര്യം-എറണാകുളം ജില്ലയിലെ മുളവുകാട് ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീ.അശ്വിൻ ശേഖറിന് പഠനാർത്ഥം ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.3140/2022/LSGD തീയതി,തിരുവനന്തപുരം, 19-12-2022

---

പരാമർശം:- 1. ശ്രീ.അശ്വിൻ ശേഖറിന്റെ 28.06.2022 ലെ ശൂന്യവേതനാവധിയപേക്ഷ.

2. പഞ്ചായത്ത് ഡയറക്ടറുടെ 02.08.2022, 21.10.2022 എന്നീ തീയതികളിലെ ഇ6-11062/2022 നമ്പർ കത്തുകൾ.

<u>ഉത്തരവ്</u>

എറണാകുളം ജില്ലയിലെ മുളവുകാട് ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീ.അശ്വിൻ ശേഖറിന് പഠനാർത്ഥം ശൂന്യവേതനാവധി അനുവദിക്കണമെന്നാവശ്യപ്പെട്ട് പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം (2) പ്രകാരം ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. ശ്രീ.അശ്വിൻ ശേഖർ 17.05.2022 ൽ സേവനത്തിൽ പ്രവേശിച്ചു. ടിയാന് കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ B.Tech കോഴ്സ് പൂർത്തിയാക്കുന്നതിനായി 18.05.2022 മുതൽ 31.07.2023 വരെ അവധി അനുവദിക്കണമെന്നാണ് പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിക്കുകയുണ്ടായി. കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ നിന്ന് നൽകിയ കോഴ്സ് സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ട്. ടിയാൻ 18.05.2022 മുതൽ അവധിയിൽ പ്രവേശിച്ചു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എറണാകുളം ജില്ലയിലെ മുളവുകാട് ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീ.അശ്വിൻ ശേഖറിന് കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ B.Tech കോഴ്സ് പൂർത്തിയാക്കുന്നതിനായി 18.05.2022 മുതൽ 31.07.2023 കെ. എസ്.ആർ ഭാഗം1, അനുബന്ധം XII B യിലെ വ്യവസ്ഥകൾക്ക് വിധേയമായി ശൂന്യവേതന അവധി അനുവദിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷൈജ സി ജി
ഡെപ്യൂട്ടിസെക്രട്ടറി

ഡയറക്ടർ, തസ്വഭവ(റൂറൽ), തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം (ഡയറക്ടർ, തസ്വഭവ(റൂറൽ) മുഖേന).
സെക്രട്ടറി, മുളവുകാട് ഗ്രാമപഞ്ചായത്ത്, എറണാകുളം(ഡയറക്ടർ, തസ്വഭവ(റൂറൽ) മുഖേന).
ശ്രീ.അശ്വിൻ ശേഖർ, ക്ലാർക്ക്, മുളവുകാട് ഗ്രാമപഞ്ചായത്ത്, എറണാകുളം (ഡയറക്ടർ,

തസ്വഭവ(റ്റൂറൽ) മുഖേന)
ധനവകുപ്പ് ( 07.12.2022ലെ 198/ഡെവ-1/22/ധന നമ്പർ കുറിപ്പ് പ്രകാരം)
ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ.(217/ഇപിഎ1/2022/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

Signed by Danuja M S
Date: 20-12-2022 10:21:30
സെക്ഷൻ ഓഫീസർ